പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 56** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതി പ്രതിസന്ധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ടി. എം. ശശി

പ്രൊഫ. സി. രവീന്ദ്രനാഥ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പവർകട്ട് വീണ്ടും ഏർപ്പെടുത്തേണ്ടിവന്ന സാഹചര്യത്തിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി ഉണ്ടാകാനിടയായ കാരണങ്ങൾ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ വർഷങ്ങളെ അപേക്ഷിച്ച് വൈദ്യുതി ആവശ്യകതയിലും ഉപഭോഗത്തിലുമുണ്ടായ അസാധാരണമായ വർധനവും, ജലവൈദ്യുതി ഉൽപാദനത്തിലുണ്ടായ ഗണ്യമായ കുറവും, ദേശീയ വൈദ്യുതി വിപണിയിൽ ആവശ്യത്തിന് അധിക വൈദ്യുതി ലഭ്യമാകാതിരുന്നതുമാണ് 2026-ൽ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നതിന്റെ പ്രധാന കാരണങ്ങൾ .

ദീർഘകാല കരാർ വഴി ലഭ്യമായിക്കൊണ്ടിരുന്ന 465 മെഗാവാട്ട് വൈദ്യുതി കരാറുകൾ റദ്ദാക്കപ്പെട്ടതും 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പിന്നീട് (2026 ജൂലൈ മുതൽ സെപ്റ്റംബർ വരെ) തിരികെ നൽകാമെന്ന വ്യവസ്ഥയിൽ (Swap Arrangement) വാങ്ങിയ വൈദ്യുതി തിരിച്ച് നൽകേണ്ട ബാധ്യതയും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. ദീർഘകാല കരാറുകളിൽ 465 മെഗാവാട്ട് തുടർന്നും ലഭിച്ചിരുന്ന ഏങ്കിൽ സ്വാപ്പ് അറേഞ്ച്മെന്റ് മുഖേനയുള്ള വൈദ്യുതി ഏപ്രിൽ, മെയ് മാസങ്ങളിൽ വാങ്ങുന്നത് ഒഴിവാക്കുവാൻ കഴിയുമായിരുന്നു.

കഴിഞ്ഞ പത്ത് വർഷങ്ങളിൽ ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ കേരളത്തിലെ പരമാവധി വൈദ്യുതി ആവശ്യകത പൊതുവെ 3500 മുതൽ 4500 മെഗാവാട്ട് വരെയായിരുന്നു. 2025 സെപ്റ്റംബറിൽ പരമാവധി ആവശ്യകത 4480 മെഗാവാട്ട് ആയിരുന്നെങ്കിൽ, 2026 സെപ്റ്റംബറിൽ പരമാവധി വൈദ്യുതി ആവശ്യകത 5639 മെഗാവാട്ട് വരെയായി ഉയർന്നിരുന്നു. കഴിഞ്ഞ പത്ത് വർഷത്തിനിടയിലെ സെപ്റ്റംബർ മാസത്തെ ഏറ്റവും ഉയർന്ന ആവശ്യകതയാണിത്.

മുൻ വർഷങ്ങളിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് സാധാരണയായി കൈകാര്യം ചെയ്തിരുന്ന 4000-4400 മെഗാവാട്ട് ആവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 1200 മെഗാവാട്ട് വൈദ്യുതിയാണ് അധികമായി വേണ്ടി വന്നത്.

എന്നാൽ 2026-ൽ വൈദ്യുതി ആവശ്യകത വർധിച്ച അതേ സമയത്ത്, സംസ്ഥാനത്തെ പ്രധാന ജലവൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന ഇടുക്കി ജില്ലയിൽ ഇതുവരെ ഏകദേശം 56

ശതമാനം മഴക്കുറവ് അനുഭവപ്പെട്ടു. ഇതിന്റെ ഫലമായി പ്രതിദിന ജലവൈദ്യുതി ഉൽപ്പാദനം 41 ദശലക്ഷം യൂണിറ്റിൽ നിന്ന് ഏകദേശം 12 ദശലക്ഷം യൂണിറ്റായി കുറഞ്ഞു.

കൂടാതെ, എൽ-നിനോ ഉൾപ്പെടെയുള്ള പ്രതികൂല കാലാവസ്ഥ സാഹചര്യങ്ങളും വിവിധ സംസ്ഥാനങ്ങളിൽ ഒരേ സമയം വൈദ്യുതി ആവശ്യകത വർധിച്ചതും ദേശീയ വൈദ്യുതി വിപണിയിൽ വൈദ്യുതിയുടെ ലഭ്യതയെ സാരമായി ബാധിച്ചു. ഡേ എഹെഡ് മാർക്കറ്റ്, റിയൽ ടൈം മാർക്കറ്റ് എന്നിവയിലൂടെ അധിക വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി ലിമിറ്റഡ് നിരന്തരം ശ്രമിച്ചെങ്കിലും, നിർണായകമായ പീക്ക് സമയങ്ങളിൽ ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമായില്ല. ആവശ്യകത വർദ്ധിച്ചുവെങ്കിലും ഉത്പാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകാതിരുന്നത് ശ്രദ്ധേയമാണ്.

**(ബി)** നിശ്ചിത തീയതിക്കുള്ളിൽ വൈദ്യുതി പ്രശ്നം പരിഹരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടും പവർകട്ട് തുടരുന്നതിനാൽ, പ്രതിസന്ധി പരിഹരിക്കുന്നതിൽ ഭരണപരമായ വീഴ്ച ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** 465 മെഗാവാട്ടിന്റെ ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കിയതിനെത്തുടർന്ന്, പകരമായി ആവശ്യമായ പുതിയ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ നടപ്പിലാക്കാൻ കഴിയാത്തത് വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിൽ ഉണ്ടായ വീഴ്ചയാണ്. 2016 - 2026 കാലയളവിൽ സംസ്ഥാനത്തെ ആഭ്യന്തരവൈദ്യുതി ഉല്പാദനശേഷിയിൽ, വിവിധ ജലവൈദ്യുത പദ്ധതികളിലൂടെ കേവലം 150.636 മെഗാവാട്ടിന്റെ വർദ്ധനവ് മാത്രമാണ് കൈവരിക്കാനായത്. ഉപയോഗ വർദ്ധനവും ആഭ്യന്തര ഉത്പാദനശേഷിയിലെ ഈ പരിമിതമായ വർദ്ധനവും ദീർഘകാലവൈദ്യുതി വാങ്ങൽ കരാറുകളുടെ അഭാവവും സംസ്ഥാനത്തിന്റെ വൈദ്യുതി ലഭ്യതയും വിതരണ ആസൂത്രണവും സംബന്ധിച്ച പിഴവുകളാണ്. ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ വൈദ്യുതി ബോർഡുകളുമായും വൈദ്യുതി ഉത്പാദകരുമായും കരാറിലേർപ്പെടുന്നതിനും ഉയർന്ന നിരക്കിൽ ആണെങ്കിൽ പോലും പ്രതിസന്ധി മറികടക്കുന്നതിലേക്കായി വൈദ്യുതി വാങ്ങുന്നതിനും എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ആയതിന്റെ ഫലമായി ഈ മാസം ഇതുവരെ യാതൊരു വിധത്തിലുള്ള വൈദ്യുതി നിയന്ത്രണവും ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല. എന്നാൽ മുൻകാലങ്ങളിൽ ഉണ്ടാകാത്ത വിധമുള്ള കേരളത്തിന്റെ വൈദ്യുതി ആവശ്യകത, ആഭ്യന്തര ഉൽപാദനം കാര്യമായി വർദ്ധിപ്പിച്ചു കൊണ്ടും ബാറ്ററി സ്റ്റോറേജ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും ദീർഘകാല കരാറുകളിൽ ഏർപ്പെട്ടുകൊണ്ടും ശാശ്വതമായി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളാണ് ഈ സർക്കാർ നടത്തിവരുന്നത്.

**(സി)** ആഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലും ദീർഘകാല കരാറുകളിലൂടെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിലും സർക്കാരിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ജനജീവിതത്തെയും വ്യവസായ-വാണിജ്യ മേഖലകളെയും സാരമായി ബാധിക്കുന്ന വൈദ്യുതി നിയന്ത്രണം പൂർണമായി ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ അധിക വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനായി, വൈദ്യുതി ആവശ്യകത, വിപണിയിലെ ലഭ്യത, കാലാവസ്ഥാ പ്രവചനങ്ങൾ എന്നിവ വിലയിരുത്തി കെ.എസ്.ഇ.ബി ലിമിറ്റഡ് 2026 ഏപ്രിൽ മാസം മുതൽ തന്നെ വിവിധ ഹ്രസ്വകാല വൈദ്യുതി

വാങ്ങൽ കരാറുകളിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി 2026 ജൂലൈ, ആഗസ്റ്റ്, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പീക്ക് സമയത്തെ വൈദ്യുതി വാങ്ങലിനായും 2026 ജൂലൈ മുതൽ 2027 ജൂലൈ വരെ മുഴുവൻ സമയ വൈദ്യുതി വാങ്ങലിനായും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടു. എന്നാൽ, ജൂൺ 10 മുതൽ തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ പുരോഗതി ദുർബലമായതിനെ തുടർന്ന് മഴക്കുറവും ജലസംഭരണികളിലേക്കുള്ള നീരൊഴുക്കിലെ കുറവും ഉണ്ടായത് ജലവൈദ്യുതി ലഭ്യതയെ പ്രതികൂലമായി ബാധിച്ചു. തുടർന്ന് എൽ-നിനോ സാഹചര്യം രൂപപ്പെടുന്നതായി IMD സ്ഥിരീകരിച്ചതിന്റെ പശ്ചാത്തലത്തിൽ, അധിക വൈദ്യുതി ആവശ്യം കണക്കിലെടുത്ത് പീക്ക് സമയത്തേക്കായി മൂന്ന് വൈദ്യുതി വാങ്ങൽ ടെൻഡറുകൾ കൂടി വിളിക്കുകയുണ്ടായി.

എൽ-നിനോ സാഹചര്യം ശക്തിപ്പെടുന്ന സാഹചര്യത്തിൽ വരും മാസങ്ങളിലെ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനായി അധിക ഹ്രസ്വകാല വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. പീക്ക് സമയത്തെ അധിക ആവശ്യം നിറവേറ്റുന്നതിനായി ഒക്ടോബർ മാസത്തിൽ 200 MW കാറ്റാടി വൈദ്യുതിയും മുഴുവൻ സമയ ആവശ്യം നിറവേറ്റുന്നതിനായി ഹിമാചൽ പ്രദേശിൽ നിന്ന് 900 MW വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെയും നിരന്തരമായ അഭ്യർത്ഥനയെ തുടർന്ന്, എൽ നിനോ സാഹചര്യം മൂലമുള്ള വൈദ്യുതി പ്രതിസന്ധി ലഘൂകരിക്കുന്നതിനായി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന 177 MW കേന്ദ്ര അധിക വിഹിതത്തിന് പുറമെ 404 MW വൈദ്യുതി കൂടി കേന്ദ്ര അധിക വിഹിതമായി ലഭിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**